പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 36

19.03.2013-ൽ മറുപടിയ്ക്ക്

# വൈദ്യുതി വിതരണ മേഖലയുടെ സ്വകാര്യവത്ക്കരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :<br>ശ്രീ. എ. കെ. ബാലൻ :<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ :<br>ശ്രീ. കെ. കെ. ജയചന്ദ്രൻ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) കേരളത്തിന്റെ വൈദ്യുതി വിതരണ മേഖല സ്വകാര്യവൽക്കരിക്കാനുള്ള കർമ്മപദ്ധതി തയ്യാറാക്കി സമർപ്പിക്കാൻ കേന്ദ്ര പവർ ഫിനാൻസ് കോർപ്പറേഷൻ ആവശ്യപ്പെട്ടിട്ടുണ്ടോ ; ഇതിന് വൈദ്യുതി ബോർഡ് നൽകിയ മറുപടി വിശദമാക്കുമോ ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (എ) വൈദ്യുതി ബോർഡിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് വേണ്ടി വിതരണ മേഖല സ്വകാര്യവൽക്കരിക്കുന്നതിനുള്ള കർമ്മ പദ്ധതി ആവിഷ്ക്കരിക്കുകയും അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുകയും ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 2013 ഫെബ്രുവരി 13-ാം തീയതി പവർ ഫിനാൻസ് കോർപ്പറേഷൻ ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ അർദ്ധ ഔദ്യോഗിക കത്ത് വൈദ്യുതി ബോർഡ് ചെയർമാന് നൽകിയിട്ടുണ്ട്. പ്രസ്തുത കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. വൈദ്യുതി ബോർഡ് ഇതിന് മറുപടി നൽകിയിട്ടില്ല. |
| (ബി) പുനരുദ്ധാരണ പദ്ധതിയിൽ ചേരുന്നതിന് കേരള സർക്കാർ സന്നദ്ധത അറിയിച്ചിട്ടുണ്ടോ ; എങ്കിൽ എന്നായിരുന്നു ; തുടർന്ന് കേന്ദ്ര പവർ ഫിനാൻസ് കോർപ്പറേഷൻ കർമ്മ പദ്ധതി തയ്യാറാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടോ ; | (ബി) ഇൻഡ്യയിലെ വിവിധ സംസ്ഥാനങ്ങളുടെ ഉടമസ്ഥതയിലുള്ള വിതരണ സ്ഥാപന ങ്ങളുടെ (State Distribution Companies (DIS COMS)) മോശമായ പ്രവർത്തന നിലവാരവും സാമ്പത്തിക പരാധീനതയും ഗണ്യമായ തോതിലുള്ള ബാധ്യതകളും കണക്കിലെടുത്തുകൊണ്ട് വിതരണ കമ്പനികൾക്കായി കേന്ദ്ര സർക്കാരിന്റെ ഊർജ്ജ മന്ത്രാലയം രൂപം നൽകിയ സാമ്പത്തിക പുന:രുദ്ധാരണ പദ്ധതിയിൽ (Financial Re-structuring Scheme) ചേരുന്നതിന് 31-12-2012 വരെ മാത്രമേ അവസരമുണ്ടായിരുന്നുള്ളൂ.<br>ഇതിനകം തന്നെ വളരെ ഗുരുതരമായ സാമ്പത്തിക സ്ഥിതിയിലുള്ള സംസ്ഥാന |

വൈദ്യുതി ബോർഡിനെ സംബന്ധിച്ചിടത്തോളം കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സഹായങ്ങൾ വേണ്ടെന്നു വയ്ക്കാൻ കഴിയാത്ത സാഹചര്യ ത്തിൽ, മറ്റു പല സംസ്ഥാനങ്ങളും ചെയ്തിട്ടുള്ള തുപോലെ സ്കീമിൽ ചേരുന്നതിനുള്ള 'തത്വത്തി ലുള്ള' സമ്മതം 17-12-2012-ലെ കത്തു പ്രകാരം സംസ്ഥാനം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

കേന്ദ്ര പവർ ഫിനാൻസ് കോർപ്പറേഷൻ കർമ്മ പദ്ധതി തയ്യാറാക്കാൻ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടിട്ടില്ല. എന്നാൽ സംസ്ഥാനത്തെ വിതരണ മേഖലയിൽ സ്വകാര്യ പങ്കാളിത്തം അനുവദിക്കുന്നതു സംബന്ധിച്ച രൂപരേഖ തയ്യാറാക്കുന്നതിനും സഞ്ചയ സാങ്കേതിക വാണിജ്യ നഷ്ടങ്ങൾ (AT & C Losses) കുറച്ചുകൊണ്ടു വരുന്നതിനും, കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സംസ്ഥാന വിതരണ കമ്പനി സ്വീകരിച്ച നടപടികൾ അവലോകനം ചെയ്തുകൊണ്ടും വിശദാംശ ങ്ങൾ പവർ ഫിനാൻസ് കോർപ്പറേഷനു നൽകാൻ കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ സെക്രട്ടറി സംസ്ഥാന ഊർജ്ജ വകുപ്പു സെക്രട്ടറിക്ക് അയച്ച 18-02-2012-ലെ അർദ്ധ ഔദ്യോഗിക കത്തിൽ അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി) പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായുള്ള ഉപാധികളിൽ ഏതെല്ലാം കാര്യങ്ങളിൽ സർക്കാർ യോജിക്കുകയോ വിയോജിക്കുകയോ ചെയ്യുന്നുണ്ട് ; വിശദമാക്കുമോ ;

(സി) വൈദ്യുതി ബോർഡിന്റെ സാമ്പത്തിക പുനരുദ്ധാരണ സ്കീമിൽ സംസ്ഥാനം ചേരുന്നതും ആയത് സംസ്ഥാന വിതരണ സ്ഥാപനമായ വൈദ്യുതി ബോർഡിൽ നടപ്പിലാക്കുന്നതും സംബന്ധിച്ച വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും 19-02-2013ൽ ചേർന്ന മന്ത്രിസഭാ യോഗം സാമ്പത്തിക പുനരുദ്ധാരണ പദ്ധതിയിൽ സംസ്ഥാന സർക്കാരും ചേരുന്നതാണ് എന്നും സ്വകാര്യ ഫ്രാഞ്ചൈസി യും പൊതു സ്വകാര്യ മേഖലാ പങ്കാളിത്തവും (Public - Private - Participation) ഉണ്ടായിരിക്കുന്നതല്ല എന്ന് കേന്ദ്ര സർക്കാരിനോട് വ്യക്തമാക്കേണ്ടതാണ് എന്നും തീരുമാനിക്കുക യുണ്ടായി. തദനുസരണം സംസ്ഥാന സർക്കാരിന്റെ നിലപാടു വ്യക്തമാക്കിക്കൊണ്ട് കേന്ദ്ര സർക്കാരിന്

| | | | |
|---|---|---|---|
| | | | 27-02-2013-ൽ കത്തു നൽകിയിട്ടുണ്ട്. |
| (ഡി) | വൈദ്യുതി വിതരണം ഭാഗികമായോ പൂർണ്ണമായോ സ്വകാര്യവൽക്കരിക്കാൻ ബോർഡ് സ്വീകരിച്ച നടപടി എന്തെല്ലാമാണ് ; | (ഡി) | വൈദ്യുതി വിതരണം സ്വകാര്യവൽക്കരിക്കാൻ ബോർഡ് ഒരു നടപടിയും എടുത്തിട്ടില്ല. |
| (ഇ) | കേന്ദ്ര പവർ ഫിനാൻസ് കോർപ്പറേഷന് സമർപ്പിച്ചതോ സമർപ്പിക്കാനിരിക്കുന്നതോ ആയ കർമ്മ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ? | (ഇ) | കർമ്മ പദ്ധതി തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ.**

An. No. 36

सतनाम सिंह
अध्यक्ष एवं प्रबंध निदेशक
SATNAM SINGH
Chairman & Managing Director

पावर फाइनेंस कारपोरेशन लिमिटेड
POWER FINANCE CORPORATION LTD.
(भारत सरकार का उपक्रम) (A Govt. of India Undertaking)

DO No. 02:06:SSA:2013
February 13, 2013

CHAIRMAN
K. S. E. B.
14 FEB 2013

1203/2013/CM

Dear Shri Sivasankar,

MEMBER (FINANCE)
K. S. E. B.
15 FEB 2013
FA

During the 6th Power Ministers' Conference held on 5th February 2013, the merits and demerits of various distribution models namely 100% public owned, Public Private Partnership, 100% private owned and Franchisee Model were presented. During presentation it was highlighted that Private Entities/ Public Private Partnership/ Franchisee Model were generally fairing much better than Government owned utilities.

The recommendations of High Level Panel headed by Sh. V.K. Shunglu, Ex. CAG to adopt franchisee model for specified towns (255 nos.) and that of Task Force headed by Sh. B.K. Chaturvedi, Member, Planning Commission that the states may choose Public Private Partnership or Franchisee Model whichever they think is more suited to their needs, were also shared with the participants.

With a view to improve the financial health of overall power sector, it is, therefore, very important that the state initiates action for improvement of efficiency either through privatisation of distribution utilities as recommended by the aforesaid two committees or otherwise. Needless to mention that your utility earned moderate profit of Rs. 241 crores during FY 2011-12.

Since PFC has committed financial assistance of the order of Rs. 2,028 crores to all the three segments of power (i.e. generation, transmission and distribution), we are concerned about the financial health of your distribution utility. The future commitment/ disbursement to any of the three segments in your state shall be dependent on the action initiated by you with respect to efficiency improvement as envisaged above.

I, therefore, request you to indicate an Action Plan for privatisation of distribution within 15 days from the date of issue of this letter. Your Action Plan is to be shared with Hon'ble Minister of State for Power (I/C).

Warm Regards,

Yours sincerely,

(SATNAM SINGH)

Shri M. Sivasankar
Chairman
Kerala State Electricity Board
Vydyuthi Bhavanam
PB No. 5048, Pattom
Thiruvananthapuram-695004

फोन/Phones :
E-mail : satnam_singh@pfcindia.com
Phones : (Direct) 011-23456941
Fax : 011-23456946

कार्यालय/Office :
ऊर्जानिधि, 1, बाराखम्बा लेन, कनॉट प्लेस, नई दिल्ली – 110001
Urjanidhi, 1, Barakhamba Lane
Connaught Place, New Delhi - 110001
EPABX : 011-23456000

निवास/Residence :
B2/23 7S, Vasant Kunj
New Delhi - 110 070
Phones : 011-20132378

Section Officer